# "ജനകീയ ജലാധികാരയാത്ര കേരളത്തിന്റെ ജനകീയ രാഷ്ട്രീയ ബോധത്തെ ഉണർത്തും" : വിളയോടി വേണുഗോപാൽ

***ജനകീയ ജലാധികാരയാത്ര 2007 ജനുവരി 26 മുതൽ ആരംഭിക്കുകയാണല്ലോ ? യാത്രയുടെ പശ്ചാത്തലം എന്താണ് ?***

ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നിട്ട് 6 മാസത്തോളമായല്ലോ. പല ജനകീയ സമരങ്ങളിലും പങ്കാളികളായിക്കൊണ്ടിരിക്കുമ്പോഴാണ് ഇവർ അധികാരത്തിൽ എത്തുന്നത്. അപ്പോൾ ജനകീയ സമരങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടതുപക്ഷമുന്നണി ബാദ്ധ്യസ്ഥരാണ്, പ്രതിജ്ഞാബദ്ധരാണ്. അതുകൊണ്ട് പ്ലാച്ചിമട സമരം ഉന്നയിച്ച കാര്യങ്ങളിലും ഗവൺമെന്റ് തലത്തിൽ എടുക്കാവുന്ന നടപടികൾ എന്തൊക്കെയാണെന്ന് കണ്ടെത്താനും അതനുസരിച്ച് നടപടികൾ എടുക്കാനും ഇടതുപക്ഷ ഗവൺമെന്റ് തയ്യാറാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. പ്ലാച്ചിമട പ്രശ്നത്തിൽ എടുക്കേണ്ട നടപടികൾ എന്തൊക്കെയെന്ന ആശയ രൂപികരണം നടത്തുവാനും ഇവ കേരള ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുമാണ് ജനുവരിയിലെ ജനകീയ ജലാധികാരയാത്ര ലക്ഷ്യം വെയ്ക്കുന്നത്. മാത്രമല്ല പ്ലാച്ചിമട പ്രശ്നത്തിന്റെ പരിഹാരം പ്ലാച്ചിമടക്കാരുടെ മാത്രം ആവശ്യമല്ലെന്നും കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും അടിയന്തിര ശ്രദ്ധ തിരിക്കേണ്ട പ്രശ്നമാണെന്നുള്ള കാര്യവും കേരളത്തിലെ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് സമരസമിതി ആഗ്രഹിക്കുന്നു.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഗവൺമെന്റിന്റെ കൈയിൽപ്പോലും സുരക്ഷിതമല്ല എന്നാണ് പ്ലാച്ചിമട അടക്കമുള്ള സമരാനുഭവങ്ങൾ കാണിക്കുന്നത്. അതുകൊണ്ട് അടിസ്ഥാന വിഭവങ്ങളുടെ സംരക്ഷണം ഗ്രാമസഭകളെ ഏൽപ്പിക്കണം ഇതിന് നിയമപരിരക്ഷ ഉണ്ടായിരിക്കുകയും വേണം.

***ഈയിടെ ഗംഗൈകൊണ്ടേനിൽ പോയിരുന്നല്ലോ അവിടുത്തെ സമരത്തിന്റെ സ്ഥിതി എന്താണ് ?***

തിരുനെൽവേലി നഗരത്തിൽ നിന്ന് 20–25 കിലോമീറ്റർ അകലെ ഗംഗൈകൊണ്ടേനിലെ ജനവാസമില്ലാത്ത സ്ഥലത്താണ് കൊക്കക്കോള കമ്പനി സ്ഥാപിച്ചിരിക്കുന്നത്. ഒരു വർഷമായി കമ്പനി പ്രവർത്തനം തുടങ്ങിയിട്ട്. താമ്രപർണ്ണിനി നദിയിൽ നിന്നുള്ള വെള്ളമാണത്രെ കമ്പനി ഉപയോഗിക്കുന്നത്. കമ്പനിക്കകത്ത് ബോർവെൽ ഉണ്ടെന്നും ഇല്ലെന്നും പറയുന്നു. 85 ലക്ഷം ജനങ്ങൾ കുടിവെള്ളത്തിനാശ്രയിക്കുന്ന മൂന്ന് ആറുകൾ ചേർന്നതാണത്രെ താമ്രപർണ്ണിനി നദി.

ഈയിടെ കമ്പനിയിൽ നിന്നുള്ള മലിനജലം കനാലിലൂടെ ഒഴുക്കിവിടുന്നത് കുടിച്ച് 500–600 ഓളം ആടുകൾ ഒരാഴ്ചകൊണ്ട് ചത്തുപോയി. നഷ്ടപരിഹാരം കൊണ്ടും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതുകൊണ്ട് ആളുകൾ പൊതുവെ പ്രക്ഷോഭത്തിന് തയ്യാറായിട്ടില്ല. മാത്രമല്ല, ഇവിടെ 70 ശതമാനം ജനങ്ങളും പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർ കമ്പനിയുടെ ദോഷവശങ്ങൾ അറിഞ്ഞുവരുന്നതേയുള്ളൂ. പക്ഷേ സ്വാതന്ത്ര്യസമരകാലത്ത് ജ്വലിച്ചു നിന്ന വീരപാണ്ഡ്യകട്ടബൊമ്മൻ, സ്വന്തം സാഹസികത കൊണ്ട് കപ്പലോടിച്ച ചിദംബരൻപിള്ളൈ, സ്വാതന്ത്ര്യത്തിന്റെ ഉണർത്തുപാട്ടുകാരനായ സുബ്രഹ്മണ്യ ഭാരതീയാർ തുടങ്ങിയവർക്കൊക്കെ ജന്മം കൊടുത്ത പ്രദേശത്താണ് വിദേശകമ്പനിയായ കോക്കക്കോളയുടെ കമ്പനി സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്നത് പലരും തിരിച്ചറിഞ്ഞുതുടങ്ങിയിട്ടുണ്ട്.

## "പ്ലാച്ചിമട സമരം കേരളസമൂഹം ഏറ്റെടുക്കണം" : കണ്ണദാസൻ

പ്ലാച്ചിമടസമരം കേരളസമൂഹം ഏറ്റെടുക്കേണ്ട ഘട്ടമാണിപ്പോൾ. ഇതിനായി കേരളത്തിന്റെ ശ്രദ്ധ ഉണർത്താനുള്ള ശ്രമമാണ് ജനകീയ ജലാധികാരയാത്ര. ജലം പോലുള്ള പൊതുസമ്പത്ത് കൊള്ളയടിച്ച് കൊള്ളലാഭം കൊയ്യാൻ ആരേയും അനുവദിച്ചുകൂടാ. ഇത് പ്ലാച്ചിമടയുടെ മാത്രം ആവശ്യമല്ല. പ്ലാച്ചിമടക്കാർക്ക് മാത്രം കഴിയുന്നതുമല്ല. കേരളത്തിന്റെ മുഴുവൻ ഉത്തരവാദിത്വപൂർണ്ണമായ പ്രവർത്തനത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ. കേരളസമൂഹത്തിനെ ഇതിനായി പ്രേരിപ്പിക്കുക എന്നതാണ് ജനകീയ ജലാധികാരയാത്രയിലൂടെ പ്രതീക്ഷിക്കുന്നത്.

കോക്കകോള പോലുള്ള കമ്പനികൾ ജലം തുടങ്ങിയ വിഭവങ്ങളിൽ കടന്നുകയറ്റം നടത്തുന്നതിനെ ചെറുക്കുന്നില്ലെങ്കിൽ കേരളം വളരെ വൈകാതെ മരുപ്പറമ്പായി മാറുമെന്നതിൽ തർക്കമില്ലല്ലോ.

അന്ധമായ വികസനകാഴ്ചപ്പാടിന്റെ പേരിലാണ് ജലം പോലുള്ള വിഭവങ്ങൾ കൊള്ളചെയ്യപ്പെടുന്നത്. അതുകൊണ്ട് വികസനത്തിന്റെ പേരിൽ വ്യവസായങ്ങളെ ക്ഷണിക്കുന്നതിൽ കേരളസമൂഹം ജാഗ്രത പാലിക്കേണ്ട സമയമായിരിക്കുന്നു. സർക്കാരിന്റെ അന്ധമായ വികസന കാഴ്ചപ്പാടിനെ തിരുത്താൻ ജനങ്ങൾതന്നെ മുന്നിട്ടിറങ്ങണം. അതിലൂടെയാണ് ജനകീയമായ ജലാധികാരവും സാധ്യമാകുന്നത്.